കേരള സാഹിത്യ അക്കാദമി
തൃശൂർ

# ദേശീയ പുസ്തകോത്സവത്തിന് തിരിതെളിഞ്ഞു

ഭാഷയും സാഹിത്യവും കലയും സംസ്കാരവും സമൃദ്ധി പകരുന്ന കേരള സാഹിത്യ അക്കാദമിയുടെ പത്തുനാൾ നീളുന്ന ദേശീയ പുസ്തകോത്സവത്തിന് ഉജ്ജ്വലതുടക്കം. പ്രശസ്ത മറാഠി സാഹിത്യകാരനായ ലക്ഷ്മൺ ഗെയ്ക്‌വാദ് തിരിതെളിയിച്ചതോടെ സാഹിത്യ അക്കാദമിയുടെ വിശാലമായ അങ്കണത്തിൽ പുസ്തകമഹോത്സവം ആരംഭിച്ചു. സ്ത്രീകളെയും ആദിവാസികളെയും ദലിതരെയും ഭീകരമായി ചൂഷണം ചെയ്യുന്ന സാമൂഹ്യക്രമത്തെ ചോദ്യം ചെയ്യാനും പ്രതിരോധിക്കാനും കഴിയുന്ന ജനകീയശക്തി ഉണർത്തിയെടുക്കാൻ എഴുത്തുകാർക്കും ചിന്തകർക്കും ബാധ്യതയുണ്ടെന്ന് ദേശീയപുസ്തകോത്സവവും എഴുത്തരങ്ങ് സാംസ്കാരികോത്സവവും ഉദ്ഘാടനം ചെയ്തുകൊണ്ട് ലക്ഷ്മൺ ഗെയ്ക്‌വാദ് അഭിപ്രായപ്പെട്ടു. മനുഷ്യന്റെ ഏറ്റവും പരമപ്രധാനമായ ധാർമികസത്തയാണ് ശക്തമാകേണ്ടത്. കപടമായ ദേശീയവാദംകൊണ്ട് ഒരു കാര്യവുമില്ല. മതവും ഭരണകൂടവും അധികാരം പങ്കിടുന്നത് എഴുത്തുകാരിൽ സമ്മർദ്ദമുണ്ടാക്കുകയും ജനജീവിതത്തെ അപകടപ്പെടുത്തുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ മതവും ഭരണകൂടവും വേറെ വേറെ നിൽക്കേണ്ടതാണ്. എന്തെഴുതണമെന്നും ഏത് ഭക്ഷണം കഴിക്കണമെന്നും വസ്ത്രമേതാണ് ധരിക്കേണ്ടതെന്നും മതമേധാവികൾ നിശ്ചയിക്കുമ്പോൾ മനുഷ്യത്വത്തെയാണ് അവർ നിഷേധിക്കുന്നതെന്നും ഗെയ്ക്‌വാദ് പറഞ്ഞു.

പുസ്തകങ്ങളാണ് യഥാർത്ഥസംസ്കാരത്തെ രൂപീകരിക്കേണ്ടതെന്നും ദൃശ്യങ്ങൾ സംസ്കാരത്തെ രൂപപ്പെടുത്തുന്ന അവസ്ഥയുണ്ടാകുന്നത് അപകടകരമാണെന്നും അധ്യക്ഷപ്രസംഗത്തിൽ സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖൻ പറഞ്ഞു. ഒരു സർവകലാശാലയും ജീവിതം പഠിപ്പിക്കുന്നില്ല. പുസ്തകങ്ങളാണ് യഥാർത്ഥജീവിതം പഠിപ്പിക്കുന്നത്. ഇന്ത്യയിലിന്ന് തീരെ ആവശ്യമില്ലാത്ത അവയവമായി മനുഷ്യന്റെ തലച്ചോറിനെ കാണുന്ന അവസ്ഥയാണുള്ളത്. അധികാരശക്തികളുടെ ഇംഗിതത്തിനനുസരിച്ച് ചലിക്കുന്ന ജീവിതങ്ങളായി മനുഷ്യാവസ്ഥയെ രൂപപ്പെടുത്തുന്ന അവസ്ഥയെയാണ് ഇന്ന് നാം നേരിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

തൃശൂരിൽ എത്രയെത്ര പുസ്തകോത്സവങ്ങൾ നടന്നാലും സാഹിത്യ അക്കാദമിയുടെ പുസ്തകോത്സവം വലിയൊരു സാംസ്കാരികോത്സവമായി ജനങ്ങളെ സ്വാധീനിക്കുന്ന സംരംഭമായി നിലകൊള്ളുന്നുണ്ടെന്ന് അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ സ്വാഗതപ്രഭാഷണത്തിൽ വ്യക്തമാക്കി.

പുസ്തകോത്സവത്തോടനുബന്ധിച്ചുള്ള സാംസ്കാരികപ്രദർശനത്തിന്റെ ഉദ്ഘാടനം എഴുത്തുകാരൻ സേതു നിർവഹിച്ചു. ആഗോളവ്യാപകമായി മനുഷ്യരെ ഭിന്നിപ്പിക്കുന്ന പുതിയ പുതിയ മതിലുകൾ സൃഷ്ടിക്കുകയാണ് മതങ്ങളും അധികാരികളും ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. മനുഷ്യരെ വിവിധ കള്ളികളിലാക്കി അകറ്റിനിർത്തുന്നു. ജനാധിപത്യപരമായി അധികാരത്തിലേറുന്ന ഇന്ത്യയിലും ഈ പ്രവണത ശക്തിപ്പെടുകയാണ്. എഴുത്തുകാരെ ഭീഷണിപ്പെടുത്തിയും ചിന്തിക്കുന്ന മനുഷ്യരെ ഭയപ്പെടുത്തിയും അധികാരികൾ തേർവാഴ്ച നടത്തുന്നത് ഒരു ജനാധിപത്യസമൂഹത്തിന് നോക്കിനിൽക്കാനാവില്ല. രാജ്യത്തേറ്റവും കൂടുതൽ വായനാശാലകളുള്ളതും ഏറ്റവുമധികം പുസ്തകങ്ങൾ വിറ്റഴിക്കുന്നതുമായ കേരളത്തിന് സാംസ്കാരികാപചയങ്ങളെ പ്രതിരോധിക്കുവാൻ കഴിയേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കെ.വി.ബേബിയുടെ കാവ്യപൂജയോടെയാണ് ചടങ്ങ് ആരംഭിച്ചത്. കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് ഡോ.ഖദീജ മുംതാസ് ആമുഖപ്രഭാഷണം നടത്തി. പുസ്തകോത്സവത്തോനുബന്ധിച്ച് പ്രസിദ്ധീകരിച്ച എഴുത്തരങ്ങ് വാർത്താപത്രിക പൊതുവിദ്യാഭ്യാസ ഡയറക്റ്റർ കെ.വി.മോഹൻകുമാറിന് നൽകി സേതു പ്രകാശനം ചെയ്തു. യുവജനങ്ങളിലേക്ക്, പ്രത്യേകിച്ച് വിദ്യാർത്ഥികളിലേക്ക്, ജീർണസംസ്കാരത്തിന്റെ സ്പർശിനികൾ നീളുന്നതിനെ പ്രതിരോധിക്കാൻ ഒരേയൊരു മാർഗം പുസ്തകങ്ങളാണെന്ന് കെ.വി.മോഹൻകുമാർ പറഞ്ഞു. സ്വാഗതസംഘം കൺവീനർ ഡോ.സി.രാവുണ്ണി സംസാരിച്ചു.

തുടർന്ന് കാസർഗോഡ് ദ്രാവിഡകലാസമിതിയുടെ മുളംചെണ്ട, എരുതുകളി, മംഗലംകളി തുടങ്ങിയ നാടൻകലാവതരണവുമുണ്ടായി.



**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

തൃശൂർ
01.04.2017